## NEWS BITS

### ധർണ നടത്തി

വെള്ളറട: പഞ്ചായത്തിലെ തൊഴിലുറപ്പു പദ്ധതിയിൽ ക്രമക്കേടാരോപിച്ചും ഭരണസമിതിയുടെ അഴിമതിയിൽ പ്രതിഷേധിച്ചും കോൺഗ്രസ് പെരുങ്കടവിള പഞ്ചായത്ത് ഓഫീസിന് മുന്നിൽ ധർണ നടത്തി. കെ.പി.സി.സി ജനറൽ സെക്രട്ടറി സോളമൻ അലക്സ് ഉദ്ഘാടനം ചെയ്തു.

### പ്രതിഷേധിച്ചു

കിളിമാനൂർ: വിഴിഞ്ഞം ഹാർബർ റോഡിൽ ക്വാർട്ടേഴ്സ് ജംഗ്ഷനിൽ സ്ഥാപിച്ചിരുന്ന ഡോ. അംബേദ്കറുടെ പ്രതിമ പെയിന്റ് ഒഴിച്ച് നശിപ്പിച്ച സംഭവത്തിൽ അംബേദ്കർമിഷൻ തട്ടത്തുമല ബ്രാഞ്ച് കമ്മിറ്റി പ്രതിഷേധിച്ചു. കുറ്റക്കാരെ അറസ്റ്റ് ചെയ്യണമെന്ന് കമ്മിറ്റി ആവശ്യപ്പെട്ടു.

**FLASH HELP DESK**

ഫ്ളാഷിനെക്കുറിച്ച് വായനക്കാർക്കുള്ള പരാതികളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും 9645089898 (24 Hrs.) എന്ന നമ്പരിൽ അറിയിക്കാവുന്നതാണ്.

മറ്റുനമ്പരുകൾ: **വാർത്ത: 3078875. സർക്കുലേഷൻ: 2461010. പരസ്യം: 9946108270**

## വീട്ടമ്മയെ മാനഭംഗപ്പെടുത്തിയ കേസ്

# ഉന്നത ഉദ്യോഗസ്ഥരെ വിവരം അറിയിച്ചിരുന്നില്ല

കോട്ടയം: മാനഭംഗത്തിനിരയായ വീട്ടമ്മ കടുത്തുരുത്തി പൊലീസ് സ്റ്റേഷനിലെത്തി പരാതി പറഞ്ഞിട്ടും കേസ് എടുക്കാനോ ഉന്നത ഉദ്യോഗസ്ഥരെ വിവരം അറിയിക്കാനോ ശ്രമിച്ചിരുന്നില്ലെന്ന് വ്യക്തമായി.

വീട്ടമ്മ നൽകിയ ആദ്യ മൊഴി കാണാതായത് വളരെ ഗുരുതരമായ വീഴ്ചയാണെന്നും ഇതേക്കുറിച്ച് വിശദമായ അന്വേഷണം നടത്തിവരികയാണെന്നും കുറ്റക്കാർക്കെതിരെ കർശന നടപടി ഉണ്ടാകുമെന്നും കേസ് അന്വേഷിക്കുന്ന ഡിവൈ. എസ്. പി കെ. എം ആന്റോ വ്യക്തമാക്കി.

ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടായാൽ സ്റ്റേഷൻ അധികാരി ഉടൻ തന്നെ 'എക്സ്പ്രസ് റിപ്പോർട്ട്' സി. ഐ, ഡിവൈ. എസ്.പി, എസ്. പി എന്നിവർക്ക് നൽകണമെന്നാണ് നിയമം.

വീട്ടമ്മയെ പീഡിപ്പിച്ചിട്ടില്ലായെങ്കിലും മാനഭംഗ ശ്രമം ഉണ്ടായെന്നതിനാൽ പ്രത്യേക അന്വേഷണ സംഘം ഇന്നലെ പ്രതിയെ അറസ്റ്റ് ചെയ്തിരുന്നു. വീട്ടമ്മയുടെ സമീപവാസിയായ കോതനല്ലൂർ വലിയപറമ്പിൽ സേവി തോമസിനെ(47) കോതനല്ലൂരിലെ സംഭവ സ്ഥലത്ത് കൊണ്ടുവന്ന് തെളിവെടുപ്പ് നടത്തി. ഇന്ന് വൈകിട്ട് പ്രതിയെ കോടതിയിൽ ഹാജരാക്കും.



അറസ്റ്റിലായ സേവി തോമസ്

ഭർത്താവിനെ അടിച്ചുവീഴ്ത്തിയ ശേഷം അടുത്തുള്ള റബർ തോട്ടത്തിലേയ്ക്ക് സേവി വീട്ടമ്മയെ എടുത്തുകൊണ്ടുപോവുകയായിരുന്നു. ഈ സമയത്ത് ഒരു കാർ അതുവഴി വന്നതുമൂലമാണ് പീഡനത്തിൽ നിന്നും രക്ഷപ്പെട്ടത്. ജില്ലാ പൊലീസ് സൂപ്രണ്ട് നടത്തിയ അന്വേഷണത്തിൽ വീട്ടമ്മയെ എടുത്തുകൊണ്ട് പോകുന്നതും നിലവിളിക്കുന്നതും കണ്ടതായി മൂന്ന് വീട്ടുകാർ മൊഴി നൽകിയിട്ടുണ്ട്. അതേ സമയം ബാങ്ക് അക്കൗണ്ടിൽ നിന്നും സേവി പിൻവലിച്ച മൂന്ന് ലക്ഷം രൂപ സ്വകാര്യ ഇൻഷുറൻസ് കമ്പനിയിൽ അടച്ചിട്ടുണ്ടെന്ന് വ്യക്തമായി. വീട്ടമ്മയെയും ഭർത്താവിനെയും പൊലീസ് ഭീഷണിപ്പെടുത്തി മടക്കി അയച്ചുവെന്നതിനെക്കുറിച്ച് അന്വേഷണം തുടരുകയാണ്.

സി.ഐ, രണ്ട് എസ്.ഐമാർ എന്നിവരെ സസ്പെന്റ് ചെയ്തതിന് പിന്നാലെ എ.എസ്.ഐമാരായ മംഗളാനന്ദൻ, ജോൺ എന്നിവരെ ശിക്ഷണ നടപടി എന്ന നിലയിൽ ഗാന്ധിനഗർ സ്റ്റേഷനിലേയ്ക്ക് മാറ്റി. ഇവർക്കെതിരെ അന്വേഷണം തുടരുകയാണ്. കൂടുതൽ പൊലീസുകാരും കേസിൽ ഉൾപ്പെടാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

# കൊടുംചൂട്: പാലക്കാട്ട് 15 പേർക്ക് പൊള്ളലേറ്റു

പാലക്കാട്: പാലക്കാട് ജില്ല ചുട്ടു പൊള്ളുന്നു. സൂര്യാഘാതമേറ്റ് 15 പേർ ആശുപത്രിയിൽ. ഒറ്റപ്പാലം, ലെക്കിടി മേഖലകളിൽ സൂര്യാഘാതത്താൽ നാല് പശുക്കളും ചത്തു. ലെക്കിടിയിൽ അഞ്ച് കിലോമീറ്റർ ചുറ്റളവിൽ മൂന്നിടങ്ങളിലാണ് ശരീരം പൊള്ളിയ നിലയിൽ 15പേർ ചികിത്സയ്ക്കെത്തിയത്. പത്തിരിപ്പല, പേരൂർ പൂക്കാട്ട്കുന്ന്, ലെക്കിടി പ്രദേശങ്ങളിൽ ചുട്ടു പൊള്ളുന്ന വെയിലിൽ ഭാരതപ്പുഴയിൽ കുളിച്ച് വന്നവർക്കാണ് പൊള്ളലേറ്റത്. പത്തിരിപ്പാല അരത്തൊടി സ്വദേശി അക്ബർ സുൽത്താൻ (33), പേരൂർ പാലയ്ക്കൽ പറമ്പിൽ ഷബീറലി (29), സഹോദരൻ അഷറഫ് (19), മങ്കര കരുവത്തൊടി അബ്ദുൾ റഹിമാൻ (30), മണ്ണൂർ പൊട്ടും പുലായ്ക്കൽ സാദിഖ് (26), ഹംസക്കുട്ടി (55), എന്നിവർക്കാണ് പൊള്ളലേറ്റത്. കനത്ത ചൂടിൽ ശരീരത്തിൽ നിന്നും ജലാംശം നഷ്ടപ്പെട്ടതാണ് പൊള്ളലിന് കാരണമെന്ന് ഡോക്ടർമാർ പറയുന്നത്.

ലെക്കിടി ഗെയ്റ്റിന് സമീപം ഇരുമ്പലൂർ ശിവൻ (33), മോഹനൻ (22), കുണ്ടുപറമ്പിൽ സതീഷൻ (20), കാളപ്പത്ത് കെ. സതീഷ് (22), കുണ്ടുപറമ്പിൽ ശ്രീകണ്ഠൻ (40), പേരൂർ പൂക്കോട്ട് കുന്നിൽ ജയപ്രകാശ് (29), മനു (26), സുരേഷ് (26), താജു (32) എന്നിവർക്കും പൊള്ളലേറ്റു.

# കരിക്കകം ചാമുണ്ഡിക്ഷേത്രം ക്ഷേത്രോത്സവം 21 മുതൽ

തിരുവനന്തപുരം: കരിക്കകം ചാമുണ്ഡി ക്ഷേത്രത്തിലെ ഉത്സവം മാർച്ച് 21ന് ആരംഭിക്കും. 27നാണ് പൊങ്കാല.

21ന് രാവിലെ 5ന് ഭജന, 7ന് ഓട്ടൻതുള്ളൽ, 8.30ന് സംഗീത കച്ചേരി, 10ന് സംഗീത സുധ, രാത്രി 7.30ന് ഗാനമേള, 10.30ന് കഥകളി. 22ന് വൈകിട്ട് 4.30ന് വീണക്കച്ചേരി, 5.30ന് മാനസ ജപലഹരി, രാത്രി 8ന് നാദസ്വരക്കച്ചേരി, 11ന് ഹാസ്യ നാടകം. 23ന് രാവിലെ 7ന് ചാക്യാർക്കൂത്ത്, വൈകിട്ട് 4.30ന് ഭജന, രാത്രി 7ന് സംഗീത സദസ്, 10ന് നൃത്തസന്ധ്യ. 24ന് രാവിലെ 8.30നും വൈകിട്ട് 4.30നും സംഗീതാർച്ചന, രാത്രി 7ന് ഡാൻസ്, 8ന് റോയൽ സ്റ്റർ നൈറ്റ്. 25ന് വൈകിട്ട് 5.30ന് കളരിപ്പയറ്റ് പ്രദർശനം, 6ന് ഭക്തിഗാനസുധ, രാത്രി 9.30ന് ഗാനമേള. 26ന് രാവിലെ 8.30ന് പുറത്തെഴുന്നള്ളത്ത്, രാത്രി 9ന് ഗാനമേള, 11ന് നൃത്തനാടകം.

27ന് രാവിലെ 10.30ന് പൊങ്കാല. ഉച്ചയ്ക്ക് 2.30ന് പൊങ്കാല തർപ്പണം നടക്കും. രാത്രി 7ന് ഭക്തിഗാനമേള, 9.30ന് കാക്കരശ്ശി നാടകം 1ന് വെടിക്കെട്ട്. ഗുരുസിയോടുകൂടി ഉത്സവം സമാപിക്കും. ഉത്സവ നടത്തിപ്പിന് മന്ത്രി എം. വിജയകുമാർ രക്ഷാധികാരിയായും മേയർ സി. ജയൻബാബു ചെയർമാനായും കൗൺസിലർ എസ്. രതീന്ദ്രൻ ജനറൽ കൺവീനറായും 201 പേർ അടങ്ങുന്ന സ്വാഗത സംഘം രൂപീകരിച്ചിട്ടുണ്ട്.

ഉത്സവ ദിനങ്ങളിൽ കെ എസ്ആർടിസി ക്ഷേത്രത്തിലേക്ക് കൂടുതൽ ബസ്സ് സർവ്വീസുകൾ നടത്തും.

പൊങ്കാലയ്ക്കുള്ള ശുദ്ധജലം വാട്ടർ അതോറിട്ടി എത്തിക്കും. ഫയർ ഫോഴ്സിന്റേയും സി. ആർ.പി. എഫിന്റേയും സഹകരണങ്ങൾ ഉത്സവത്തിനുണ്ടാകുമെന്ന് ഭാരവാഹികൾ പറഞ്ഞു.

വാർത്താസമ്മേളനത്തിൽ ക്ഷേത്രം ട്രസ്റ്റ് ചെയർമാൻ ശ്രീകുമാരൻ നായർ, പ്രസിഡന്റ് കെ. മുരളീധരൻ നായർ, സെക്രട്ടറി എസ്. അനിൽകുമാർ, വൈസ് പ്രസിഡന്റ് ജെ. ശങ്കരദാസൻ നായർ, ജോയിന്റ് സെക്രട്ടറി ടി. ഗോപകുമാർ, ട്രഷറർ എം. ഭാർഗ്ഗവൻ നായർ എന്നിവർ സംബന്ധിച്ചു.

# പമ്പുസെറ്റുകളുടെ കൃത്യമായ കാലാവധി പറയാനാവില്ല

**<u>ചോദ്യം അയച്ചത് :</u>** ജി. താണുപിള്ള, കൊല്ലം.
**<u>മറുപടി നൽകിയത്:</u>** കേരള വാട്ടർ അതോറിറ്റി, പിഎച്ച്. ഡിവിഷൻ, കൊല്ലം.

**ചോദ്യം:** ജലവിതരണ പദ്ധതികൾക്കായി വാട്ടർ അതോറിറ്റി വാങ്ങി സ്ഥാപിക്കുന്ന 10 എച്ച്.പിക്ക് മുകളിൽ കപ്പാസിറ്റിയുള്ള പമ്പ് സെറ്റുകളുടെ കാലാവധി എത്രയാണ്?

Right to Infoflash

ഈ ഡിവിഷന്റെ കീഴിൽ പമ്പിംഗ് നടത്തുന്നതിന് സ്ഥാപിക്കുന്ന പമ്പ് സെറ്റുകൾക്ക് പമ്പിംഗ് തുടങ്ങുന്ന ദിവസം മുതൽ ഒരു വർഷത്തെ ഗ്യാരന്റിയാണ് സ്ഥാപനം നൽകുന്നത്. ഒരു വർഷത്തിനകം പമ്പ്സെറ്റിന് എന്ത് റിപ്പയർ പണികൾ വന്നാലും പമ്പ് സെറ്റ് വിതരണം ചെയ്ത സ്ഥാപനം സ്വന്തം ചെലവിൽ റിപ്പയർചെയ്തുതരും. ഗ്യാരന്റി സമയം (ഒരുവർഷം) കഴിഞ്ഞുവരുന്ന റിപ്പയർ പണികൾ വാട്ടർ അതോറിറ്റി നേരിട്ട് ദർഘാസ്, ക്വൊട്ടേഷൻ എന്നിവ ക്ഷണിച്ച് നടത്തും. ഈ പണിക്ക് റിപ്പയർ നടത്തുന്ന സ്ഥാപനങ്ങളിൽ നിന്ന് ആറുമാസത്തെ ഗ്യാരന്റി വാങ്ങാറുണ്ട്. ഈ കാലയളവിൽ വരുന്ന റിപ്പയർ പണികൾ അതത് സ്ഥാപനങ്ങൾ തന്നെ നടത്തി തരും. ഈ രീതിയിൽ ഉപയോഗിക്കുന്ന കാലം വരെ പമ്പുസെറ്റുകൾ റിപ്പയർ ചെയ്ത് ഉപയോഗിക്കും. അതിനാൽ പമ്പുസെറ്റുകളുടെ കൃത്യമായ കാലാവധി പറയാൻ സാധിക്കില്ല.

**ചോദ്യങ്ങൾ അയയ്ക്കുന്ന കവറിനുമുകളിൽ 'റൈറ്റ് ടു ഇൻഫോ ഫ്ലാഷ്' എന്ന് രേഖപ്പെടുത്തിയിരിക്കണം. ചോദ്യങ്ങൾ അയയ്ക്കേണ്ട വിലാസം:**
**എഡിറ്റർ, കേരളകൗമുദി ഫ്ലാഷ്, പേട്ട, തിരുവനന്തപുരം-24.**

ഡിഗ്രി/പി.ജി ഈ വർഷം തന്നെ പൂർത്തിയാക്കാം.
Exam: May/July 2010
BA, BCom, BBA, BBM, MA, MCom, Msc IT, MCA, MBA, BSc, BCA, BSc IT, BTech - MTech
UGC, MHRD, AIU, State Govt. University
Lateral Entry for Discontinued Students
Ph: 0497 2713499, 2767499, 9497513820
AIMS DISTANCE EDUCATION
Jubilee Bazar Complex, Onden Road, Kannur - 1
E-mail: aimsdec@gmail.com







